# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5394** — **03-11-2021 - ൽ മറുപടിയ്ക്ക്**

### പ്രളയവും ഉരുൾപൊട്ടലും മൂലം വീട് നഷ്ടപ്പെട്ടവരുടെ പുന:രധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവയാൽ വീട് നഷ്ടപ്പെട്ടവരെ പുന:രധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തുടർച്ചയായ വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ ഭാഗമായുള്ള ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ കാരണം സംസ്ഥാനത്ത് നിരവധിയാളുകൾക്ക് വീടുകൾ നഷ്ടമാകുന്നതിനും വീടും സ്ഥലവും വാസയോഗ്യമല്ലാതാകുന്നതിനും ഇടയായിട്ടുണ്ട്. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. 2018ൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയവ ബാധിച്ച പ്രദേശങ്ങൾ പരിശോധിച്ച് ജനവാസയോഗ്യമാണോ എന്ന ശിപാർശ നൽകുന്നതിന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് രണ്ട് ജിയോളജിസ്റ്റുകൾ വീതമുള്ള 10 ടീമുകളെ നിയോഗിച്ച് സർവേ നടത്തുകയും അപകടഭീഷണിയിൽ ഉള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് മൊത്തം 1626 ഉരുൾപൊട്ടലുകൾ നടന്ന പ്രദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 689 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. 27/02/2019-ലെ സർക്കാർ ഉത്തരവ് നമ്പർ 6/2019/DMD പ്രകാരം അപകടഭീഷണിയിൽ ഉള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള നിർദ്ദേശം നൽകി. 2019 ലെ പ്രളയത്തിന് ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് & ജിയോളജി, ഭൂജല, മണ്ണ് & പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുകളെ ഉൾപ്പെടുത്തി കേരളത്തിലെ 9 ജില്ലകളിൽ നടത്തിയ സർവേയിൽ മണ്ണിടിച്ചിൽ, |

| | | | |
|---|---|---|---|
| | | | ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 411 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ നിർദേശിച്ചിരുന്നു. 23-8-2019 ലെ സർക്കാർ ഉത്തരവ് 25/2019/DMD പ്രകാരം സർക്കാർ 'Vulnerability linked relocation' പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രളയ ഭീഷണി നേരിടുന്ന പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിച്ചിരുന്നവരെ ഇതിനോടകം പുന:രധിവസിപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയങ്ങൾക്ക് ശേഷം ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും നടത്തിയ പരിസ്ഥിതി ദുർബല പ്രദേശങ്ങളിലെ പരിശോധനയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ താമസിക്കുന്നവരായി കണ്ടെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാറിതാമസിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് പകരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനോ ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്നതിനോ പരമാവധി പത്ത് ലക്ഷം രൂപ വരെ അനുവദിക്കുകയും ദുരിതബാധിതരെ ഘട്ടംഘട്ടമായി മാറ്റിത്താമസിപ്പിക്കുകയും ചെയ്ത് വരുന്നു. സ്വന്തം ഉടമസ്ഥതയിൽ സംസ്ഥാനത്ത് വേറെ സ്ഥലം ലഭ്യമാണെങ്കിൽ വീട് വെയ്ക്കുന്നതിന് 4 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഇവർക്ക് മുൻഗണന നൽകി വരുന്നുമുണ്ട്. |
| (സി) | 2018 -ലെയും 2019 -ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുന:രധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 2018 -ലെയും 2019 -ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ